**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4354** **06-03-2023 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ പുനരുജ്ജീവനത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന് അഭിമാനിക്കാവുന്ന പരമ്പരാഗത വ്യവസായമായ കയർ വ്യവസായം സമീപകാലത്തായി അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തമിഴ്നാട്ടിൽ നിന്നുള്ള ചകിരിയുടെയും കയറിന്റെയും കയറുല്പന്നങ്ങളുടെയും താരതമ്യേന കുറഞ്ഞ വിപണിവില സംസ്ഥാനത്തെ കയർ വ്യവസായ മേഖലയിൽ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. ഇതോടൊപ്പം പിവിസി ഉല്പന്നങ്ങൾ, മറ്റ് പ്ലാസ്റ്റിക്, സിന്തെറ്റിക് ഉത്പന്നങ്ങൾ എന്നിവ വിപണി കയ്യടക്കുന്നത് പരമ്പരാഗത കയർ, കയറുല്പന്നങ്ങളായ ഫൈബർ മാറ്റ്, ബി സി1, ബി സി 20 എന്നീ ഉത്പന്നങ്ങൾക്ക് വിദേശ/ ആഭ്യന്തര വിപണികളിലുള്ള ഡിമാന്റ് ഗണ്യമായി കുറയാൻ ഇടയാക്കിയിട്ടുണ്ട്. കോവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക മാന്ദ്യവും മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | പരമ്പരാഗത വ്യവസായമായ കയർ മേഖലക്ക് ഉണർവും പുത്തൻ വിപണിയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കയർ മേഖലയുടെ ഉണർവ്വിനും വിപണി സാധ്യതക്കുമായി ഒട്ടനവധി മേളകളിൽ സാന്നിധ്യം ഉറപ്പ് വരുത്തി ഇന്ത്യയിലെ വൻകിട റീട്ടെയ്ൽ ശൃംഖലകളായ റിലയൻസ്, ഡീമാർട്ട്, വിശാൽ മെഗാ മാർട്ട് എന്നിവരുമായി വാണിജ്യ കരാറിലേർപ്പെട്ട് വിവിധയിനം കയറുല്പന്നങ്ങൾ കയർ കോർപ്പറേഷൻ മുഖേന വിറ്റഴിച്ച് വരുന്നുണ്ട്. കയർ ഭൂവസ്ത്രമുൾപ്പെടെ ഉല്പന്നങ്ങൾ പരമാവധി സംഘങ്ങളിൽ നിന്നും സ്റ്റോക്കായി സംഭരിച്ച് മേഖലയെ സജീവമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. കാലാനുസൃത മായ യന്ത്രവത്ക്കരണത്തിലൂടെയും വിപണി വിപുലീകരണത്തിലൂടെയും മേഖലയ്ക്ക് ഉണർവേകാനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഉത്പന്നങ്ങളുടെ വൈവിധ്യ വത്ക്കരണത്തിലൂടെയും, കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങൾക്കും കൂടുതൽ വിപണി സാധ്യത കണ്ടെത്തുന്നുണ്ട്. ദേശിയ |

| | | | |
|---|---|---|---|
| | | | തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം നാളിതുവരെ 50.26 ലക്ഷം ച.മീ കയർ ഭൂവസ്ത്രം പഞ്ചായത്തുകളിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കയർ വകുപ്പിന് കീഴിലുള്ള ഗവേഷണ സ്ഥാപനമായ എൻ.സി.ആർ.എം.ഐ , കയർ ജിയോസെൽ, കയർ മൾച്ചിംഗ് മാറ്റുകൾ, അക്വസ്റ്റിക് പാനലുകൾ, ബൈൻഡർലെസ് ബോർഡ് എന്നീ നൂതനമായ ഉല്പന്നങ്ങൾ വികസിപ്പിച്ച് നിർമ്മിക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ മണ്ണ്-ജല സംരക്ഷണത്തിന് ചരിവു പ്രദേശങ്ങൾ ബലപ്പെടുത്തുന്നതിനും നദീതടങ്ങളുടെയും നീർച്ചാലുകളുടെയും പാർശ്വഭിത്തി സംരക്ഷണ ത്തിനുമായി ഗവേഷണ- അവബോധ പദ്ധതികളും നടത്തി വരുന്നു.<br><br>എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്ത ഇ-കയർ ബാഗ് ഫോമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് മുഖാന്തിരം വ്യവസായിക അടിസ്ഥാനത്തിൽ ഉല്പാദന-വിപണനം ആരംഭിച്ചിട്ടുണ്ട്.<br><br>ചകിരിച്ചോറിനെ ടൈക്കോ പിത്ത് ഉപയോഗിച്ച് ജൈവവളം ആക്കുന്നതിനുള്ള പരശീലനം സർക്കാർ മേഖലയിലുള്ള കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ആലപ്പുഴ കയർ കൺസോർഷ്യം, തൃശ്ശൂർ, വൈക്കം, കോഴിക്കോട്, ആലപ്പുഴ, കണ്ണൂർ, ചിറയിൻകീഴ് പ്രോജക്ട് ഓഫീസുകൾക്ക് കീഴിൽ വരുന്ന കയർ സഹകരണ സംഘങ്ങൾ, ചില പ്രൈവറ്റ് സംരംഭകർ എന്നിവർക്ക് നൽകിയിട്ടുണ്ട്.<br><br>ടൈക്കോപിത്ത് ഉപയോഗിച്ചുള്ള കയർ പിത്ത് വളം നിർമ്മാണ പരിശീലനം ലഭിച്ച എല്ലാ സ്ഥാപനങ്ങളിലും വ്യാവസായികാടി സ്ഥാനത്തിൽ ജൈവവളം ഉല്പാദിപ്പിച്ച് വരുന്നു. |
| (ഡി) | ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പരമ്പരാഗത കയർ തൊഴിലാളികളുടെ തൊഴിൽ, കൂലി ഇവ സംരക്ഷിച്ച് യന്ത്രവൽക്കരണം സാധ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | വൈക്കം, ആലപ്പുഴ കയർ പ്രോജക്ടുകൾക്ക് കീഴിലെ പതിനഞ്ച് ഡീഫൈബറിംഗ് യൂണിറ്റുകളെ അംഗങ്ങളാക്കി ആലപ്പുഴ ജില്ലയിലെ കാട്ടുകട ആസ്ഥാനമാക്കി വൈക്കം കയർ കൺസോർഷ്യം രൂപീകരിച്ച് ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ച് ചകിരി ഉല്പാദനം നടത്തി വരുന്നു.<br><br>സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവൽക്കരണത്തിലൂടെയും ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും വിപണി |

| | | | |
|---|---|---|---|
| | | | വിപുലീകരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽ ക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങ ൾക്കും വിപണി സാധ്യത കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പരമ്പരാഗത വനിതാ തൊഴിലാളികൾക്ക് ഇ-റാട്ട് പരിശീലനം എൻ.സി.ആർ.എം.ഐ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ